# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1409** **30-01-2018 ൽ മറുപടിക്ക്**

## സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | സമിതി രൂപീകരിച്ചിട്ടുണ്ട്. പാട്ടത്തിന് നൽകിയിട്ടുള്ള ഓരോ കേസും പരിശോധിച്ച് സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് 18.02.2017 ലെ ജി.ഒ (എം.എസ്) 55/17/റവ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ എന്നിവരെ അംഗങ്ങളാക്കി സമിതി രൂപീകരിച്ചിരുന്നു. തുടർന്ന് 17.01.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്) 15/2018/റവന്യൂ പ്രകാരം പ്രസ്തുത സമിതിയിൽ ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയെ കൂടി ഉൾപ്പെടുത്തി സമിതി പുന:സംഘടിപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സമിതി ഇതു സംബന്ധിച്ച ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സമിതിയിൽ ശുപാർശ സമർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ചിട്ടുള്ള കേസുകളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചു വരുന്നു. |
| (സി) | പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്; | (സി) | 18.02.2017 ലെ ജി.ഒ (എം.എസ്) 55/17, 17.01.2018 ലെ ജി.ഒ (എം.എസ്) 15/2018 എന്നീ ഉത്തരവു പ്രകാരം ചുവടെ പറയുന്നവരാണ് അംഗങ്ങളായിട്ടുള്ളത്.<br>1) അഡീഷണൽ ചീഫ് സെക്രട്ടറി<br>2) സെക്രട്ടറി, നിയമവകുപ്പ്<br>3) സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്<br>4) കമ്മീഷണർ, ലാന്റ് റവന്യൂ<br>5) ജോയിന്റ് കമ്മീഷണലർ, ലാന്റ് റവന്യൂ |
| (ഡി) | സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത സമിതിയിൽ ശുപാർശ സമർപ്പിക്കുന്നതിലേക്കായി ജില്ലാ കളക്ടർമാരിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കൊച്ചിൻ ക്ലബിന്റെ കൈവശമുള്ളതും 31-3-2006 ൽ പാട്ടകാലാവധി അവസാനിച്ചിട്ടുള്ളതുമായ ഫോർട്ട് കൊച്ചിയിലെ 4.4 ഏക്കർ ഭൂമിയെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (ഇ) & (എഫ്) | കൊച്ചിൻ ക്ലബിന്റെ കൈവശം നിലവിൽ 3.77.100 ഏക്കർ സർക്കാർ ഭൂമിയാണുള്ളത്. പാട്ടത്തുക അടയ്ക്കാതെ പാട്ടവ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് കൊച്ചിൻ ക്ലബ് കൈവശം വച്ചിരിക്കുന്ന കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജ് സർവ്വേ നം. 143/1, 143/2, 145/1 എന്നിവയിൽപ്പെട്ട 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിലേക്കുള്ള ശുപാർശ ലഭ്യമാക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ: ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെങ്കിൽ പ്രസ്തുത കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**